പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5178 06.02.2014 ൽ മറുപടിക്ക്

## പോലീസ് ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>**ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.ലൂഡി ലൂയിസ്**<br>**ശ്രീ.കെ.ശിവദാസൻ നായർ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ<br>ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>സി) ഇതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;<br>ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | **(എ) യും (ബി) യും (സി) യും (ഡി) യും**<br>01.02.2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.20/2014/ ആഭ്യന്തരം നമ്പർ പ്രകാരം സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്ക് കേരള പോലീസ് മെഡിക്കൽ ഇൻഷ്വറൻസ് സ്കീമിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ കൃത്യനിർവ്വഹണത്തിനിടയിലുണ്ടാകുന്ന പരിക്ക്, അംഗഭംഗം, മരണം എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഇതിനായുള്ള വിഹിതം പൂർണ്ണമായും സർക്കാർ തന്നെയാണ് വഹിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതും അതിനുള്ള ധനം കണ്ടെത്തുന്നതും സംബന്ധിച്ച് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ